Weizsacker, Ernst Von et al., 2009, Factor Five: Transforming the Global Economy through 80% improvements in Resource Productivity, London: Earthscan.
World Commission on Environment and Develpment, 1987, Our Common Future, Delhi: Oxford University Press.
Yeang, Ken, 1995, Designing With Nature: The Ecological Basis for Architectural Design, Mcgraw-Hill Inc.

## രണ്ടാം സെമസ്റ്റർ

| | |
|---|---|
| MU ES 6206 | പാരിസ്ഥിതിക സംവിധാനങ്ങളും നിയമങ്ങളും |
| MU ES 6207 | പാരിസ്ഥിതിക ആഘാതനിർണ്ണയവും ദുരന്തനിവാരണവും |
| MU ES 6208 | കാലാവസ്ഥയും കാലാവസ്ഥാവ്യതിയാനവും |
| MU ES 6209 | പ്രകൃതിവിഭവ പരിപാലനം |
| MU ES 6210 | ഗവേഷണരീതിശാസ്ത്രം |

## MU ES 6206 പാരിസ്ഥിതിക സംവിധാനങ്ങളും നിയമങ്ങളും

### യൂണിറ്റ് 1

**പരിസ്ഥിതിയെ സംബന്ധിച്ച് ഇന്ത്യൻ നിയമങ്ങൾ**: ഉദ്ഭവവും രൂപീകരണവും, ഇന്ത്യൻ വനനിയമം, വനസംരക്ഷണ നിയമം, വന്യജീവി സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം (EPA) – 1986, തീരദേശ നിയന്ത്രിത മേഖല (CRZ) നിയമങ്ങൾ, നദീസംയോജനവും അന്തർസംസ്ഥാന നദീജലം പങ്കുവെക്കലും

### യൂണിറ്റ് 2

**പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ**: മലിനീകരണ നിയന്ത്രണ നിയമങ്ങൾ (ജലം, വായു, ശബ്ദം), അപകടസാധ്യത നിറഞ്ഞ വസ്തുക്കളും പാഴ്വസ്തുക്കളും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിയമങ്ങൾ, മാലിന്യ നിർമ്മാർജനം സംബന്ധിച്ച നിയമങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ സംബന്ധിച്ച നിയമങ്ങൾ.

### യൂണിറ്റ് 3

**കേരളത്തിലെ പരിസ്ഥിതി നിയമങ്ങളും സംവിധാനങ്ങളും**:നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം സംബന്ധിച്ച നിയമങ്ങൾ, ആറ്റുമണൽ ഖനനം സംബന്ധിച്ച നിയമങ്ങൾ, ഭൂഗർഭജലവുമായി ബന്ധപ്പെട്ട നിയമങ്ങൾ, പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ, സംരക്ഷണ സംവിധാനങ്ങൾ, പരിസ്ഥിതി നിയമങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കും കേരളീയ പശ്ചാത്തലത്തിൽ.

### യൂണിറ്റ് 4

**പാരിസ്ഥിതിക നീതിശാസ്ത്രം**: രറ്റ്ലം മുനിസിപ്പാലിറ്റി വ്യവഹാരം, ഗോദവർമ്മൻ കേസ്, പൊതുജനപങ്കാളിത്തം, ലഫാർജ്ജ്, നിയാമഗിരി വ്യവഹാരം, എം.സി. മേത്ത കെയ്സ്: ഒലേം ഗ്യാസ് ചോർച്ച വ്യവഹാരം, കമൽനാഥ് വ്യവഹാരം, നർമ്മദാ ബച്ചാവോ ആന്ദോളൻ വ്യവഹാരം.

### യൂണിറ്റ് 5

**നീതിയും നിയമവും: പ്രായോഗിക ഇടപെടലുകൾ:** ദേശീയ ഹരിത ട്രിബ്യൂണൽ (NGT), പൊതു താൽപര്യ വ്യവഹാരങ്ങൾ, ജനകീയ സമരങ്ങളുടെ പ്രസക്തിയും

അനുഭവവും കേരളീയ പശ്ചാത്തലത്തിൽ, പാരിസ്ഥിതിക അവലോകനം, ഗ്രീൻ അക്കൗണ്ടിംഗ്.

### സഹായകഗ്രന്ഥങ്ങൾ


ഡോ. എ. സുഹൃത്കുമാർ, 2019, പരിസ്ഥിതിയും നിയമവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Armin, Rosencranz, Divan Shyam, 2001, Environmental Law and Policy in India: Cases, Materials and Statutes, Oxford University Press.

Ball, Simon and Stuart Bell, 1998, Environmental Law, London: Blackstone.

Birnie, Patricia and Alan Boyle, 2009, International Law and the Environment, Oxford University Press.

Desai, Ashok, A. 1998, Environmental jurisprudence, Vikas Publishing House Pvt. Ltd.

Elworthy, Sue and Jane Holder,1997, Environmental Protection: Text and Materials (Butterworths).

Fitz Roy, Felix. R. and Elissaios Papyrakis, 2010, An Introduction to Climate Change Economics and Policy, Earthscan.

Indian Law Institute, 1986, Mass Disasters and Multinational Liability, The Bhopal Case (ES-202-24 to 25 pp 1-34) and Inconvenient Forum and Convenient Catastrophe, Thripathy.

Jaswal, P.S., Dr., Dr. Nishtha Jaswal, 2011, Environmental Law, Faridabad: Allahabad Law Agency.

Leelakrishnan, P., 2006, Environmental Law Case Book, Wadhwa Nagpur: Lexis Nexis.

Leelakrishnan, P., 2008, Environmental Law in India, Wadhwa: Lexis Nexis.

Malik, Sumeet, 2008, Environmental Law, Lucknow: Eastern.

Ramaswamy lyer, R., (Ed), 2009, Water and the Laws in India, Sage.

Satish C. Shastri, 2002, Environmental Law in India, Lucknow: Eastern Book Company.

Thakur, Kailas, 1997, Environmental Protection Law and Policy, Deep and Deep.

# MU ES 6207 പാരിസ്ഥിതിക ആഘാത നിർണ്ണയവും ദുരന്തനിവാരണവും

## യൂണിറ്റ് 1

**പാരിസ്ഥിതിക ആഘാത നിർണ്ണയം (Enviornmental Impact Assessment - EIA)** : ആമുഖം, നിർവ്വചനം, ലക്ഷ്യങ്ങൾ, പരിണാമം, നേട്ടങ്ങൾ. പാരിസ്ഥിതിക ആഘാത പ്രക്രിയയിലെ പങ്കാളികൾ, ഘട്ടങ്ങൾ, തരങ്ങൾ. പാരിസ്ഥിതിക ആഘാത നിർണ്ണ യപ്രക്രിയയിലെ അടിസ്ഥാനവിവരങ്ങൾ - പരിസ്ഥിതി സംബന്ധിച്ചത്, പ്രൊജക്ട് സംബന്ധിയായത്, ബദൽ പ്രൊജക്ട് ഡാറ്റാ, ആഘാതങ്ങളുടെ സ്വഭാവം, ആഘാ തപഠനരീതികൾ - ആഘാതങ്ങളെ തിരിച്ചറിയുന്നത് (അഡ്ഹോക്ക് രീതി (Adhoc Method), ചെക്‌ലിസ്റ്റ് (Check List), മെട്രിക്സ്(Matrix), നെറ്റ്‌വർക്ക്സ് (Networks), ഓവർലേയ്സ്(Overlays), ഇൻഡക്സ് രീതികൾ (Index Method)), സസ്യങ്ങളും വന്യജീവികളും ഉൾപ്പെട്ട പരിസ്ഥിതിക്ക് മേലുള്ള ആഘാതങ്ങളെ സോദാഹരണ പഠനങ്ങളിലൂടെ പ്രവചിക്കൽ, വിലയിരുത്തൽ, ലഘുകരിക്കൽ. വായു, വെള്ളം, ശബ്ദം, സസ്യങ്ങൾ, വന്യജീവികൾ തുടങ്ങി വിവിധതരം പരിസ്ഥിതികളെ സംബ ന്ധിച്ച ആഘാതങ്ങൾ മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാനമാർഗ്ഗങ്ങളും, കേസ് സ്റ്റഡികളും. പരിസ്ഥിതി പരിപാലനപദ്ധതി (Enviornment Management Plan), പരി സ്ഥിതി ആഘാത പ്രസ്താവന, പരിസ്ഥിതി ആഘാത റിപ്പോർട്ടിന്റെ ഘടന.

## യൂണിറ്റ് 2

**ഇന്ത്യയിൽ ഇ.ഐ.എ യുടെ പൊതുസ്ഥിതി:** പാരിസ്ഥിനികാനുമതിക്ക് നില നിൽക്കുന്ന നടപടികളും മാർഗ്ഗരേഖകളും, ഇ.ഐ.എ വിജ്ഞാപനം, ഇ.ഐ.എ വിദഗ്ദ്ധർ. ജലപദ്ധതികൾ, വ്യവസായങ്ങൾ, ഖനനവും, പാറപൊട്ടിക്കലും, ഹൈവേ നിർമ്മാണം, ടൂറിസം, കെട്ടിട നിർമ്മാണം, ഊർജ്ജം പദ്ധതികൾ (ജല - താപ - അണു - എണ്ണ, പ്രകൃതിവാതക - സൗരോർജ്ജം - പവനോർജ്ജ പദ്ധതികൾക്കുള്ള ഇ.ഐ.എ). സോദാഹരണപഠനങ്ങൾ, പാരിസ്ഥിതിക ആഘാത പഠനങ്ങൾ കേര ളീയ പശ്ചാത്തലത്തിൽ.

## യൂണിറ്റ് 3

**ജീവിതചക്രപഠനം (Life Cycle Assesment)** : ഉദ്ദേശ്യവും ലക്ഷ്യവും, ജീവിതചക്ര ത്തിന്റെ വിവിധഘട്ടങ്ങൾ (Life Cycle Stages), എൽ.സി.എ ഘടകങ്ങൾ, ആഗോ ളവും പ്രാദേശികവുമായ ആഘാതവിഭാഗങ്ങൾ, എൽ.സി.എയുടെ പ്രയോഗങ്ങൾ

- സോദാഹരണപഠനങ്ങൾ. സാമൂഹ്യാഘാതപഠനങ്ങൾ (Social Impact Assessment), സഞ്ചിതാഘാത പഠനങ്ങൾ (Cumulative Impact Assessment).

### യൂണിറ്റ് 4

**ദുരന്തം (അടിസ്ഥാനസങ്കൽപം)**: നിർവചനങ്ങൾ [ദുരന്തം, അപകടം (Hazard), പ്രതികൂലഘടകങ്ങളെ നേരിടൽ ശേഷി (Vulnerability), അപായം (Risk)] ദുരന്ത ങ്ങളുടെ ലക്ഷണങ്ങൾ (Features), അപകടകാരണങ്ങൾ (Cause Factors). ദുരന്ത ങ്ങളുടെ വർഗ്ഗീകരണം. ദുരന്തങ്ങളുടെ ഡാറ്റ ബേസ്: ആഗോള-ദേശീയ-പ്രാദേശിക തലത്തിൽ. കേരളത്തിലെ ദുരന്തങ്ങളുടെ പൊതുനില. കേരളത്തിലെ പ്രകൃതി ദുര ന്തങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും. ദുരന്തനിവാരണം : നിർവചനം, ദുരന്തനി വാരണ ചക്രത്തിന്റെ ഘടകങ്ങൾ (അപകടസന്ധിയിലെ പരിപാലനം, അപായം കൈകാര്യം ചെയ്യൽ). ദുരന്തനിവാരണ പ്രക്രിയയിലെ വിവിധ വിഭാഗങ്ങളുടെ പങ്ക് (ആരോഗ്യം, വിവരവിനിമയം, ഇൻഷൂറൻസ്, അഗ്നിശമനസേന, പോലീസ്, സൈനിക - അർദ്ധസൈനിക വിഭാഗങ്ങൾ, NGOs).

### യൂണിറ്റ് 5

**ദുരന്തനിവാരണം കൈകാര്യം ചെയ്യുന്നതിനുള്ള വിവിധ നയങ്ങൾ** - സെൻഡായ് ഫ്രെയിംവർക്ക്, ദുരന്തനിവാരണ നിയമം, ദേശീയ ദുരന്ത നിവാരണ അതോറിറ്റി (ഉദ്ഭവവും ധർമ്മങ്ങളും), സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി. ദുരന്തനിവാര ണത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, വിദൂരസംവേദനം (Remote Sensing), ഭൂപരവിവര വ്യവസ്ഥ (Geographic Information System) തുടങ്ങിയവയുടെ പങ്ക്.

### സഹായകഗ്രന്ഥങ്ങൾ


ഒരുസംഘം ലേഖകർ, 2001, പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം.

മനോജ് എം. സ്വാമി, 2015, റിമോട്ട് സെൻസിംഗ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവ നന്തപുരം.

കില, 2018, ദുരന്തങ്ങളെ നേരിടാം.

തുമ്പമൺ തോമസ്, 2012, പരിസ്ഥിതി വിജ്ഞാനകോശം, കേരളസംസ്ഥാനസർവ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Bregman, J.I. and Mackenthum, K.M. 1992, Environmental impact statements, Chelsia Michigan: Lewis.

Calow, P. 1997, Handbook of Environmental risk assessment and Management. Oxford: Blackwell Science.

Canter, W. Larry. 1996, Environmental impact assessment. McGraw-Hill International editions. 660p.

Fortlage, C. A. 1990, Environmental assessment: A practical guide. Aldershot: Gower.

Glasson, J; Therivel, R and Chadwick, Al. 1999, Introduction to environmental impact assessment. UCL Press. 496p.

Jha and Kumar, M. 2010, Natural and Anthropogenic Disasters; Vulnerability, Preparedness and Mitigation, Springer.

Singh, K.K. and Singh, A.K. 2010, Natural and manmade disasters: vulnerability, preparedness and mitigation, Vol(1&2), M.D. publications. Pvt. Ltd. New Delhi.

Strahler, A.N. and Strahler, A.H. 1973., Environmental Geoscience – Interaction between natural systems and man: -Santa Barbara, California, Hamilton Publishing.

Talwar, A.K. and Juneja, S. 2009, Flood Disaster Management, Commonwealth publishers, New Delhi.

Vaidya, K.S. 1987, Environmental Geology, Tata McGraw-Hill Publishers.

White, G.F. (Ed.), 1974, Natural hazards – local, national, global: Oxford University Press.

.

## MU ES 6208 കാലാവസ്ഥയും കാലാവസ്ഥാ വ്യതിയാനവും

### യൂണിറ്റ് 1

**കാലാവസ്ഥാ വ്യതിയാനം: ശാസ്ത്രവും ചരിത്രവും:** കാലാവസ്ഥാ വ്യതിയാനം എന്ത്, എങ്ങിനെ പ്രധാന ആശയങ്ങളുടെ അവലോകനം (ദിനാവസ്ഥയും കാലാവസ്ഥയും, കാലാവസ്ഥയുടെ വർഗ്ഗീകരണം, ക്ലൈമാറ്റിക് വേരിയബിളിറ്റി). കാലാവസ്ഥാ വ്യതിയാനത്തിന്റെ അളവുകോലുകൾ (Measurement of Climate Change, Monitoring and Assessment). കാരണങ്ങൾ:- ആഗോളതാപനവും ഹരിതഗൃഹപ്രഭാവവും-ഹരിതഗൃഹവാതകങ്ങൾ, നഗര താപദ്വീപുകൾ, ഓസോൺ പാളിയുടെ ശോഷണം, ലഘൂകരണ മാർഗങ്ങൾ, വായൂ മലിനീകരണവും ഓസോൺ വാതകവും ഉഷ്ണ - ശീത വായൂ പ്രവാഹം (heat and cold waves), ഗ്ലോബൽ ഡിമ്മിംഗ്, ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം, വ്യവസായ വിപ്ലവത്തിന്റെയും ശാസ്ത്രവിപ്ലവത്തിന്റെയും ഫലമായുണ്ടായ അന്തരീക്ഷത്തിലെ കാർബണിന്റെ അളവ്. എൽനിനോ, ലാനിന - ആഘാതങ്ങൾ.

### യൂണിറ്റ് 2

**കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ**: താപവർദ്ധനവ് - കൃഷി, സസ്യങ്ങളുടേയും ജന്തുക്കളുടേയും, സൂക്ഷ്മ - ജീവികളുടേയും ജ്യോഗ്രഫിക്കൽ വിന്യാസത്തിലെ മാറ്റങ്ങൾ, രോഗങ്ങൾ, സമുദ്രജലനിരപ്പിന്റെ ഉയർച്ച, മഞ്ഞുരുകൽ, മഴയുടെ അളവിലും കാലയളവിലുമുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കാലാവസ്ഥാ മാറ്റത്തിന്റെ സാമൂഹിക-സാമ്പത്തിക, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ - ആഗോള, ദേശീയ, കേരളീയ പശ്ചാത്തലം.

### യൂണിറ്റ് 3

**കാലാവസ്ഥാ വ്യതിയാനം: പരിഹാരം സജ്ജമാക്കൽ** : കാർബൺ മാനേജ്മെന്റ് - കാർബൺ ശേഖരണവും സെക്കുസ്ട്രേഷനും, സോയിൽ സെക്കുസ്ട്രേഷൻ, ജൈവ ഇന്ധനം (Bio fuel), കാർബൺ കൃഷിയും കാർബൺ വാണിജ്യവും

(Carbon farming and Trading). കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും – ലഘൂകരണ മാർഗ്ഗങ്ങൾ (കൃഷി രീതി, ഭൂവിനിയോഗം, സാങ്കേതിക വിദ്യകൾ, ഗവേഷണം, സൗരോർജ്ജസാധ്യത, സ്മാർട്ട് ഗ്രിഡ്, ഹൈഡ്രജൻ ഇന്ധനം, പുതിയ കൃഷി രീതികൾ, ഗതാഗതം, ഗ്രീൻ ബിൽഡിംഗ്).

## യൂണിറ്റ് 4

**കാലാവസ്ഥാ വ്യതിയാനം : ആഗോള സംരംഭങ്ങൾ (Initiatives):** ആഗോള താപനം – സുസ്ഥിര പാഠങ്ങൾ – റെസീലിയന്റ് സിറ്റികൾ, ആഗോള ഉടമ്പടികൾ, ക്ലീൻ ഡവലപ്പ്മെന്റ് മെക്കാനിസം (സി.ഡി.എം), പ്രോട്ടോക്കോളുകൾ, ഐക്യ രാഷ്ട്ര സംഘടനയുമായി സഹകരിച്ചുള്ള പ്രോഗ്രാമുകൾ, കാലാവസ്ഥാ വ്യതിയാനവും ഇന്ത്യൻ പശ്ചാത്തലവും: കൃഷി, പ്രകൃതി വിഭവങ്ങൾ. നാഷണൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേയ്ഞ്ച് (NAPCC), അന്താരാഷ്ട്ര ഉടമ്പടികളിൽ ഇന്ത്യൻ പങ്കാളിത്തം. .

## യൂണിറ്റ് 5

**കാലാവസ്ഥാ വ്യതിയാനം : പ്രയോഗിക പരിശീലനം:** കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ: തദ്ദേശീയ തലത്തിലുള്ള അവലോകനം (ഫീൽഡ് സന്ദർശനം/ബന്ധപ്പെട്ട പഠനങ്ങളുടെ അവലോകനം).

## സഹായകഗ്രന്ഥങ്ങൾ


കരുണാകരൻ സി.കെ., 2012, കാലാവസ്ഥാവ്യതിയാനവും വനങ്ങളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഡോ. ജോർജ് വർഗ്ഗീസ്, 2011, കാലാവസ്ഥയും രാഷ്ട്രീയവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഡോ. ആർ. എം. പ്രസാദ് (എഡിറ്റർ), 2017, കാലാവസ്ഥാ വ്യതിയാനവും കാർഷികമേഖലയും, ഫാം കെയർ ഫൗണ്ടേഷൻ.

പ്രൊഫ. എം. കെ. പ്രസാദ്, 2012, കാലാവസ്ഥയും ആവാസവ്യവസ്ഥയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഡോ. എ. രാജഗോപാൽ കമ്മത്ത്, 2015, ആഗോളതാപനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഡോ. വി. ശശികുമാർ, 2015, ഭൂമിയുടെ ആവരണം, നാഷണൽ ബുക്സ്റ്റാൾ തിരുവനന്തപുരം.

രമ കെ., കുഞ്ഞിക്കണ്ണൻ ടി.പി., 2017, കാലാവസ്ഥ മാറ്റത്തിന്റെ കാണാപ്പുറങ്ങൾ, ഡി.സി. ബുക്സ് കോട്ടയം.

സിറിൾ ഡി.വി, 2011, ഭൂമി ചുട്ട് പഴുക്കുമ്പോൾ, ഡി.സി. ബുക്സ് കോട്ടയം.

മനോജ് എം. സ്വാമി, 2010, ആഗോളതാപനവും കാലാവസ്ഥാമാറ്റവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Burroughs, W.J. 2007. Climate Change: A Multidisciplinary Approach (2nd Edn.). Cambridge University Press.

Cartinus J. Jepma and Mohan Munasinghe, 1998, Climate change Policy, Cambridge University Press.

Dash, Sushil Kumar. 2007. Climate Change: An Indian Perspective, New Delhi, Cambridge University Press India Pvt. Ltd.

IPCC, 2007: Summary for Policymakers. In: Climate Change 2007: Impacts, Adaptation and Vulnerability. Contribution of Working Group II to the Fourth Assessment Report of the Intergovernmental Panel on Climate Change, M.L. Parry, O.F. Canziani, J.P. Palutikof, P.J. van der Linden and C.E. Hanson, (Eds.), Cambridge University Press, Cambridge, UK, 7-22.

Toman (Michael) (Ed.), 2002, Climate change, Economics and Policy, Cambridge University Press.

Das, Sushil Kumar, 2007, Climate Change: An Indian Perspective, Ahamedabad: Centre for Environment Education.

Dessler, Andrew, E. and Edward A. Parson, 2006, The Science and Politics of Global Climate Change, Cambridge University Press.

Giddens, Anthony, 2009, The Politics of Climate Change, Cambridge (UK): Polity Press.

Goldemberg, Jose and Oswaldo Lucon, 2010, Energy, Environment and Development, London: Earthscan.

Govind Rajan, Mukund, 1997, Global Environmental Politics, New Delhi: Oxford University Press.

Henson, Robert, 2006, The Rough Guide to Climate Change, London: Rough Guides Ltd., (Alongwith Penguin Books).

Hinrichs, Roger, A. and Merlin Kleinbach, 2002, Energy: Its use and the Environment, Singapore: Thomson Learning.

Toman, Michael, A., Ujjayant Chakravorty and Sreekant Gupta, 2004, India and Global Climate Change, New Delhi: Oxford University Press.

**Further Reading**

Hansen, James, 2009, Storms of my Grandchildren, London: Bloomsbury.

Lynas, Mark, 2007, Six Degrees: Our Future on a Hotter Planet, London: Fourth Estate (Harper Collins).

Monbiot, George, 2006, Heat How we can stop the Planet Burning, Allen Lane (Penguin Books).

## MU ES 6209 പ്രകൃതിവിഭവ പരിപാലനം

### യൂണിറ്റ് 1

**സംജ്ഞകളും സിദ്ധാന്തവും** :ആവാസ വ്യവസ്ഥ-സേവനവും സംരക്ഷണവും, ഗ്രാമീണ ഉപജീവനത്തിൽ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും പ്രാധാന്യവും, ദാരിദ്ര്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം, പ്രകൃതി വിഭവപരിപാലനത്തിന്റെ രാഷ്ട്രീയ ചരിത്രം, പരിപാലനസംവിധാനങ്ങളിൽ വരുന്ന മാറ്റങ്ങൾ, പ്രകൃതിവിഭവ പരിപാലനത്തിന്റെ രാഷ്ട്രീയ പരിസ്ഥിതി വിജ്ഞാനവും (Political Ecology of Natural Resource Management), സ്വത്തവകാശവും.

### യൂണിറ്റ് 2

**പ്രകൃതി വിഭവ പരിപാലനത്തിനുള്ള സാമൂഹ്യസംവിധാനങ്ങളുടെ വിവിധ ഘട്ടങ്ങൾ**: പ്രകൃതിവിഭവാധിഷ്ഠിത ഉപജീവനവും, പരമ്പരാഗത സംവിധാനങ്ങളും, സാമൂഹ്യമാറ്റങ്ങളും പരമ്പരാഗത സംവിധാനങ്ങളും, ഉൽപാദനവ്യവസ്ഥകളുടെ സാംസ്കാരികബന്ധങ്ങൾ, പ്രകൃതി വിഭവ പരിപാലനത്തിനുള്ള ആധുനിക സംവിധാനങ്ങൾ. നവസ്ഥാപന സിദ്ധാന്തങ്ങൾ (New Institutional Theory), Writings of Elinor Ostrom - പൊതുആസ്തി വിഭവങ്ങൾ (Common property resources), പൊതുസഞ്ചിത വിഭവങ്ങൾ (Common Pool resources), പൊതു പ്രാപ്യവിഭവങ്ങൾ (Open access resources) എന്നിവ പരിചയപ്പെടുത്തുക.

പാരിസ്ഥിതിക ധനശാസ്ത്രത്തിലെ പ്രകൃതി വിഭവപരിപാലന സംജ്ഞകൾ (Game theory, Free rider), ബാഹ്യഫലങ്ങൾ (Externalities), discount rates, ആവാസ വ്യവസ്ഥ, സേവനമൂല്യനിർണയം, പാരിസ്ഥിതിക മൂല്യനിർണയം., വില വ്യാപനം (Price Spread), മൂല്യനിർണയം., സ്വത്തവകാശ സംവിധാനവും, അനുബന്ധ ഉൽപാദന വ്യവസ്ഥകളും, ഉടമസ്ഥാവകാശം, സ്വത്തവകാശത്തിന്റെ പ്രാധാന്യം, സ്ഥാപനവൽക്കരണം.

### യൂണിറ്റ് 3

**സാമൂഹ്യാധിഷ്ഠിത പ്രകൃതിവിഭവ പരിപാലനത്തിന്റെ വിവിധ സവിശേഷതകൾ**: അതിജീവനസ്ഥാപനങ്ങളുടെ രൂപീകരണം (Building resilient institutions), സുസ്ഥിരതാ തത്വങ്ങൾ - പ്രകൃതി വിഭവ പരിപാലനം : ലിംഗപദവി, അരികുവത്കരണം. പ്രകൃതിവിഭവപരിപാലന ആസൂത്രണത്തിലെ ആധുനിക ഉപാധികൾ -

വിദൂര സംവേദനം (Remote sensing), ഭൂപരവിവരവ്യവസ്ഥ (Geographic Information System).

പ്രത്യേക പഠനങ്ങൾ:

1. സുസ്ഥിര കൃഷിയും ഗ്രാമവികസനവും
2. തടി ഇതര വന ഉൽപന്നങ്ങളിൽ നിന്നുള്ള വരുമാനം
3. സാമൂഹ്യാധിഷ്ഠിത ഇക്കോടൂറിസം

## യൂണിറ്റ് 4
## എത്തനോ ഇക്കോളജി

വംശീയപരിസ്ഥിതി ശാസ്ത്രം (Ethnoecology) : നിർവചനം, ആശയം, ചരിത്രം, ലക്ഷ്യം, ഘട്ടങ്ങൾ. പാരമ്പര്യ പാരിസ്ഥിതിക വിജ്ഞാനം (Tradional Ecological Knowlege), പാരമ്പര്യപാരിസ്ഥിതിക വിജ്ഞാനത്തിന്റെ പ്രാധാന്യവും മൂല്യവും, പാരമ്പര്യപാരിസ്ഥിതിക വിജ്ഞാവും പ്രകൃതിവിഭവപരിപാലനവും. പാരമ്പര്യ ബൗദ്ധിക സ്വത്തവകാശം (Indigenous Intellectual Property Rights), പ്രാദേശിക പങ്കാളിത്തം. പാരമ്പര്യപാരിസ്ഥിതിക വിജ്ഞാനത്തിന് വേണ്ടിയുള്ള നിയമങ്ങളും നയങ്ങളും. വംശീയ പരിസ്ഥിതി ശാസ്ത്രത്തിന്റെ സാധ്യതകൾ. ഗോത്രപരിസ്ഥിതി വിജ്ഞാനത്തിൽ നിന്നുള്ള ഉൾക്കാഴ്ച (Insights from ethnoecology).

## യൂണിറ്റ് 5

ഭൂപരവിവരവ്യവസ്ഥ (Georgraphic Information System) യെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രകൃതിവിഭവപരിപാലനം (കേരളീയ പശ്ചാത്തലത്തിൽ) - ഗ്രൂപ്പ് പ്രോജക്ടുകളും പരിശീലനവും.

## സഹായകഗ്രന്ഥങ്ങൾ

ഒരു സംഘം ലേഖകർ, 2012, പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മനോജ് എം. സ്വാമി, 2015, റിമോട്ട് സെൻസിംഗ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Agarwal, A and Gibson, C.C., 1999, Enchantment and Disenchantment: The Role of Community in Natural Resource Conservation, World Development, Vol. 27, No.4 pp. 629-649.

Berkes, Fickret, J.Colding,and C.Folke. 2000 Rediscovery of traditio nal ecological knowledge as adaptive management. Ecological Applications10 (5), pp.1251-1262.

Brosius, J.P, A Lowenhaupt Tsing and C. Zerner, 1998, Representing communities: Histories and politics of communities - based on natural resource management. Society and Natural Resources, 11 (2) : 157 - 168.

Brosius, J.P., A. Lowenhaupt Tsing and C. Zerner. 1998. Representing communities: Histories and politics of community-based natural resource management. Society & Natural Resources,11(2),pp.157-168.

Ostrom.E, 1990, Governing the commons: The evolution of institutions for collective action. Cambridge.

Paul R. 2004, Political Ecology: A critical Introduction, Blackwell publishing company

Ramakrishnan P.S. 2001. Ecology & Sustainable Development. National Book Trust, India.

Shailendra K. Singh, Subhash.C, Kundu and Shobhu Sing, 1998, Disaster Management, New Delhi, Mittal Publications.

.

## MU ES 6210 ഗവേഷണരീതിശാസ്ത്രം

### യൂണിറ്റ് 1

**ഗവേഷണം:** നിർവചനം, ഉൽപത്തി, അർത്ഥവ്യാപ്തി, ലക്ഷ്യങ്ങൾ, ഉത്തമ ഗവേഷണത്തിനുവേണ്ട ഗുണങ്ങളും മാനദണ്ഡങ്ങളും. ഗവേഷണ മാതൃകകൾ (സൈദ്ധാന്തികം, പ്രയുക്തികം, വിവരണാത്മകം, ചരിത്രാധിഷ്ടിതം, നിരീക്ഷണാത്മകം, പരീക്ഷണാത്മകം, ഗുണാത്മകം, ഗണാത്മകം).

### യൂണിറ്റ് 2

**ഗവേഷണത്തിന്റെ വിവിധഘട്ടങ്ങൾ:** ഗവേഷണ വിഷയം കണ്ടെത്തൽ, ലിറ്ററേച്ചർ സർവേ, പരികല്പനയുടെ രൂപീകരണം, ഗവേഷണരൂപരേഖ (Synopsis), ഗവേഷണ സാംപിളുകളുടെ രൂപകല്പന, ദത്തശേഖരണം, പ്രൊജക്റ്റ് നടപ്പാക്കൽ, വിവരങ്ങളുടെ അപഗ്രഥനം, നിഗമനങ്ങളുടെ സാധൂകരണം, പ്രബന്ധരചന (Thesis Writing) .

### യൂണിറ്റ് 3

**വിവരശേഖരണവും അപഗ്രഥനവും:** വിവരശേഖരണം - പ്രാഥമിക ദത്തശേഖരണരീതികൾ (നിരീക്ഷണം, അഭിമുഖം, ചോദ്യാവലിയിലൂടെ ഉള്ള വിവരശേഖരണം, ഷെഡ്യൂളുകളിലൂടെയുള്ള വിവരശേഖരണം), ദ്വിതീയ ദത്ത ശേഖരണം (ദ്വിതീയ ദത്തത്തിന്റെ ആന്തരിക, ബാഹ്യ സ്രോതസ്സുകൾ) സാംപ്ലിങ് തന്ത്രങ്ങൾ: പ്രൊബബിലിറ്റി സാംപ്ലിങ് (സിംപിൾ റാൻഡം സാംപ്ലിങ്, സിസ്റ്റമാറ്റിക് സാംപ്ലിങ്, സ്ട്രാറ്റിഫൈഡ് സാംപ്ലിങ്, ക്ലസ്റ്റർ സാംപ്ലിങ്, മൾട്ടിസ്റ്റേജ് സാംപ്ലിങ്). നോൺ പ്രോബബിലിറ്റി സാംപ്ലിങ് (കൺവീനിയന്റ് സാംപ്ലിങ്, ജഡ്ജ്മെന്റ് സാംപ്ലിങ്, ക്വാട്ട സാംപ്ലിങ്, സ്നോബോൾ സാംപ്ലിങ്). വിവരങ്ങളുടെ അപഗ്രഥനം: ടാബുലേഷൻ, പട്ടിക, രേഖീയ ചിത്രീകരണം, സാംഖിക രീതികളിലൂടെയുള്ള വിവരങ്ങളുടെ അപഗ്രഥനത്തെപ്പറ്റിയുള്ള അടിസ്ഥാനധാരണകളെ പരിചയപ്പെടുത്തൽ (Measures of Central Tendancy & Dispersion, Standard Error, measurement of Skewness & Kurtosis, Correlation Analysis, Regression Analysis, ANOVA, പരികല്പനപരിശോധന - t-test, F-test, Chi-Square test. നോൺ പരാമെട്രിക് ടെസ്റ്റിന്റെ അടിസ്ഥാന ധാരണകൾ - Kruskal - Wallis test, Mann - Whitney U test, Wilcoxon Test).

**യൂണിറ്റ് 4**

**പങ്കാളിത്ത ഗവേഷണത്തിന്റെ രീതിശാസ്ത്രം:** വിവിധതരം പങ്കാളിത്ത ഗവേഷണരീതികൾ - ദ്രുത ഗ്രാമ വിശകലനം (Rapid Rural Appraisal), പങ്കാളിത്ത ഗ്രാമ വിശകലനം (Participatory Rural Appraisal), പങ്കാളിത്ത പഠന പ്രയോഗരീതി (Participatory Action & Learning Method)

**യൂണിറ്റ് 5**

**ഗവേഷണവും അനുബന്ധഘടകങ്ങളും:**

അടിക്കുറിപ്പ് (Footnote), ഗ്രന്ഥസൂചി (Reference) തയ്യാറാക്കൽ, ഗ്രന്ഥസൂചിയുടെ വിവിധ മാതൃകകൾ. ഗവേഷണ പേപ്പറുകൾ/ഗവേഷണ റിപ്പോർട്ട് (സാങ്കേതിക റിപ്പോർട്ട് , ജനപ്രിയ റിപ്പോർട്ട്)/പ്രബന്ധരൂപരേഖ (Synopsis) തയ്യാറാക്കൽ. സമ്മേളനങ്ങൾ (Seminar), സിംമ്പോസിയം (Symposium), ശിൽപശാല (Workshop) ഇവ തമ്മിലുള്ള വ്യത്യാസം, ISSN, ISBN, ഗവേഷണനിലവാര സൂചകങ്ങൾ: ഇംപാക്ട് ഫാക്ടർ, h-index. ഗവേഷണ പ്രൊപ്പോസൽ തയ്യാറാക്കലും ധനസഹായ ഏജൻസികളും. ഗവേഷണ നൈതികത (Research Ethics). രചനാമോഷണം (Plagiarism).

**സഹായകഗ്രന്ഥങ്ങൾ**

ഡോ. അശോക് ഡിക്രൂസ്, 2019, ഗവേഷണത്തിന്റെ രീതിയും നീതിയും. പാവനാത്മ പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്.

Goode, William, J., Paul K. Hatt, 1981, Methods in Social Research, McGraw-Hill.

Hawkins, Clifford, F., Marco Sorgi, 1985, Research: How to plan, speak and write about it, Berlin: Springer-Verlag.

Kothari, C.R., 2004, Research Methodology: Methods and Techniques, New age International Publishers Ltd, New Delhi.

Kothari, C.R., Garg, G. 2014, Research Methodology: Methods and Techniques, New age International Publishers Ltd, New Delhi.

Panneerselvam, R., 2014, Research Methodology, PHI Learning Private Limited New Delhi.

Neuman, William Lawrence, 2009, Social Research Methods: Qualitative and Quantitative Approaches, Pearson/Allyn and Bacon.

Ranjith Kumar, 2014, Research Methodology. Saga Publications Private Ltd. New Delhi

Wilkinson, T.S., Bhandarkar, P.L., 2003, Methodology and Techniques of Social Research, Himalaya Publishing House.

Young, Pauline, V., Calvin F. Schmid, 2012, Scientific Social Surveys and Research, Literary Licensing.

## മൂന്നാം സെമസ്റ്റർ

| | |
|---|---|
| MU SES 6311 | പാരിസ്ഥിതിക രസതന്ത്രവും വിശ്ലേഷണസങ്കേതങ്ങളും |
| MU SES 6312 | പരിസ്ഥിതി സംരക്ഷണ വിജ്ഞാനം |
| MU SES 6313 | പാരിസ്ഥിതിക ഭൂശാസ്ത്രം |
| MU SES 6314 | പരിസ്ഥിതി മലിനീകരണവും നിയന്ത്രണവും |
| MU SES 6315 | ഫീൽഡ് വിസിറ്റ്/പഠനയാത്രാ റിപ്പോർട്ട് |
| MU SES 6316 | പ്രായോഗിക പരിശീലനം |
| | **പൊതുഐച്ഛികം** |
| MU ES 6317 | പാരിസ്ഥിതികാരോഗ്യവും വിദ്യാഭ്യാസവും |
| | **ഐച്ഛിക വിഷയങ്ങൾ** |
| MU SES 6318 | പാരിസ്ഥിതിക സാമ്പത്തിക ശാസ്ത്രവും പരിസ്ഥിതി പരിപാലനവും |
| MU SES 6319 | പാരിസ്ഥിതിക ജൈവസാങ്കേതികവിദ്യയും പാരിസ്ഥിതിക വിഷശാസ്ത്രവും |

## MU SES 6311 പാരിസ്ഥിതിക രസതന്ത്രവും വിശ്ലേഷണസങ്കേതങ്ങളും

### യൂണിറ്റ് 1

**പാരിസ്ഥിതിക രസതന്ത്രം:** സങ്കൽപനങ്ങളും സാധ്യതകളും, മുഖ്യപാരിസ്ഥിതിക ഘടകങ്ങൾ, പ്രകൃതിയിലെ ചാക്രികത - ആന്തരികവും ബാഹ്യപ്രേരിതവുമായ ചാക്രിക പ്രതിഭാസങ്ങൾ (Endogenic and Exogenic Cycle). ജലചംക്രമണം, കാർബൺ, ഓക്സിജൻ, നൈട്രജൻ, ഫോസ്ഫറസ്, സൾഫർ എന്നീ മൂലകങ്ങളുടെ ചംക്രമണം. താപഗതിക നിയമങ്ങൾ (Laws of thermodynamics) - താപവിനിമയ പ്രക്രിയകൾ (Heat transfer processes). വ്യത്യസ്ത സമ്പർക്കതലങ്ങളിലൂടെയുള്ള ദ്രവ്യത്തിന്റെയും ഊർജ്ജത്തിന്റെയും വിനിമയവും (Mass and Energy transfer across the various interfaces) ദ്രവ്യസംതുലനവും (Material Balance). പരിസ്ഥിതി രസതന്ത്രം - അടിസ്ഥാനസിദ്ധാന്തങ്ങൾ. രാസപ്രവർത്തനങ്ങളിലെ അപേക്ഷികഗണന (Stochiometry). ഗിബ്സ് ഊർജ്ജം, രാസശേഷി (Chemical Potential), രാസസംതുലനം (Chemical Equilibrium). അമ്ള - ക്ഷാര രാസ പ്രവർത്തനങ്ങൾ. ലേയത്വഗുണിതം (Solubility Product), ജലത്തിൽ വാതകങ്ങളുടെ ലേയത്വം, കാർബണേറ്റ് വ്യവസ്ഥ. ഹൈഡ്രോ കാർബണുകൾ - പൂരിതവും അപൂരിതവും. വികിരണ ഐസോടോപ്പുകൾ (Radioisotopes).

### യൂണിറ്റ് 2

**അന്തരീക്ഷ രസതന്ത്രം:** അന്തരീക്ഷത്തിന്റെ ഘടനയും വിന്യാസവും, അന്തരീക്ഷത്തിലെ കണികകൾ, അയോണുകൾ, റാഡിക്കലുകൾ. ഭൂമിയുടെ വികിരണ സംതുലനം (Earths Radiation Balance). അന്തീരക്ഷത്തിലെ രാസപ്രവർത്തനങ്ങൾ, പ്രകാശരാസ പ്രവർത്തനങ്ങൾ. ഓക്സിജനും ഓസോൺ രസതന്ത്രവും, ഓസോൺ ദ്വാരം, ഹരിത ഗൃഹപ്രഭാവം. പ്രകാശരാസപ്രവർത്തനങ്ങളാലുണ്ടാകുന്ന പുകമഞ്ഞ് (Photochemical smog), അമ്ളമഴ, കാർബണികവും അകാർബണികവുമായ അന്തരീക്ഷ ധൂളികളുടെ രൂപീകരണത്തിന് കാരണമാവുന്ന രാസപ്രവർത്തനങ്ങൾ. പി. എ.എൻ (പെറോക്സി അസറ്റൈൽ നൈട്രേറ്റ്), ബാഷ്പശീല കാർബണിക സംയുക്തങ്ങൾ (Volatile Organic Compounds), ഖരദ്രാവക സൂക്ഷ്മ ധൂളികളുടെ രസതന്ത്രം (Aerosol Chemistry).

**ജലരസതന്ത്രം:** ജലത്തിന്റെ രാസഭൗതിക ഗുണങ്ങൾ, സമുദ്രജലത്തിന്റെ ഭൗതിക രസതന്ത്രം, ശുദ്ധജലത്തിലേയും മലിനജലത്തിലേയും കോംപ്ലക്സുകളുടെ രൂപീകരണം (Complexation in natural water and waste water), ലേയവായു(DO), ജൈവവായു ചോദന(BOD), രാസവായു ചോദന (COD), ഊറൽ (Sedimenta-

tion), ഉറകൂടൽ (Coagulation), ഊറ്റൽ (Filtration), പി.എച്ച്(pH), ഓക്സീകരണ-നീരോക്സീകരണക്ഷമത (Eh) എന്നീ സങ്കൽപനങ്ങൾ.

**മണ്ണിന്റെ രസതന്ത്രം**: മണ്ണിന്റെ ഘടനയും വിന്യാസവും, ഭൗതികവും രാസപരവും ജൈവവുമായ പ്രക്രിയകളിലൂടെയുള്ള പാറകളുടെ അപചയം (weathering), മണ്ണിന്റെ രൂപീകരണം നിയന്ത്രിക്കുന്ന ഘടകങ്ങൾ, മണ്ണിന്റെ രൂപഘടനയും വർഗ്ഗീകരണവും (Soil Profile and Classification), മണ്ണിലെ ഈർപ്പവും വായുവും, മണ്ണിലെ കാർബണികവും അകാർബണികവുമായ ഘടകവസ്തുക്കൾ, മണ്ണിലെ അമ്ള - ക്ഷാര - അയോൺവിനിമയരാസ പ്രവർത്തനങ്ങൾ, മണ്ണിലെ സൂക്ഷ്മ സ്ഥൂലപോഷകങ്ങൾ, നൈട്രജൻ പന്ഥാവുകൾ (Nitrogen Pathways) - മണ്ണിന്റെ എൻ.പി.കെ. (NPK).

## യൂണിറ്റ് 3

**വിഷമയമായ രാസപദാർത്ഥങ്ങൾ** (Toxic Chemicals): കാർബണിക ലോഹങ്ങൾ, ഘനലോഹങ്ങൾ. കീടനാശിനികൾ: വർഗ്ഗീകരണം, അനന്തരഫലങ്ങൾ - ഓർഗാനോ ക്ലോറിൻ, ഓർഗാനോ ഫോസ്ഫേറ്റ്, കാർബമേറ്റുകൾ, ഡൈയോക്സിൻ, ഫ്യൂറാൻ, പോളിക്ലോറിനേറ്റഡ് ബൈഫിനേയിലുകൾ (PCBs), പോളി ന്യൂക്ലിയർ ആരോമാറ്റിക് ഹൈഡ്രോ കാർബണുകൾ (PAHs). ജൈവസാന്ദ്രീകരണം (Bioaccumulation) , ജൈവ ആവർധനം (Biomagnification). ഘനലോഹങ്ങളുടേയും (മെർക്കുറി, കാഡ്മിയം, ലെഡ്, ക്രോമിയം) ഉപലോഹങ്ങളുടേയും (ആഴ്സനിക്, സെലീനിയം) ജൈവ രസതന്ത്രം. സ്ഥാവരകാർബണിക മലിനീകാരികൾ (പേഴ്സിസ്റ്റന്റ് ഓർഗാനിക് പൊളൂട്ടൻസ്), സ്പീസിയേഷൻ. ഘനലോഹങ്ങളുടെ വിഷലിപ്തതയും ജൈവ സാന്ദ്രീകരണവും. അർബുദകാരികൾ (കാഴ്സിനോജൻസ്).

## യൂണിറ്റ് 4

**വിശ്ലേഷണ/അപഗ്രഥനരീതികളുടെ അടിസ്ഥാനതത്വങ്ങൾ**: വിവിധയിനം സൂക്ഷ്മ ദർശിനികൾ (Microscopes): പ്രകാശസൂക്ഷ്മ ദർശിനിയും (Light Microscope) ഇലക്ട്രോണിക സൂക്ഷ്മദർശിനിയും (Electron Microscope). പ്രവർത്തനതത്ത്വങ്ങളും പ്രയോജനങ്ങളും. അനുമാപന മാർഗ്ഗങ്ങൾ (Titrimetry): അമ്ല - ക്ഷാര അനുമാപനം (Acid base Titration), അനുമാപന സംസൂചകങ്ങൾ (Indicators), അമ്ലത, ക്ഷാരത, പരിസ്ഥിതി പഠനത്തിൽ അനുമാപന മാർഗ്ഗങ്ങളുടെ ഉപയോഗങ്ങൾ. സ്വതന്ത്രകാർബൺഡൈ ഓക്സൈഡ് (Free Carbondioxide), ജൈവകാർബൺ, ലേയവായു (DO), ജൈവ വായു ചോദന (Biological Oxygen Demand), രാസവായു ചോദന (Chemical Oxygen Demand) എന്നിവയുടെ നിർണ്ണയവും തത്വങ്ങളും. മണ്ണിലെ ജൈവകാർബൺ. ഗുരുത്വമാപനം (Gravimetry). വ്യാമിശ്രമാപനം (Complexometric titration): ഇ.ഡി.ടി.എ. (EDTA) ഉപയോഗിച്ചുള്ള അനുമാപനം. വർണ്ണമാപനം (Colorimetry), സ്പെക്ട്രോഫോട്ടോമെട്രി. ബിയർ - ലാംബർട്ട് നിയമം. സ്പെക്ട്രോഫോട്ടോ മീറ്റർ: ഇനങ്ങൾ ഉപയോഗങ്ങൾ. ഫ്ളെയിം ഫോട്ടോമെട്രി. ഫ്ളൂറിമെട്രി (Fluorimetry): പ്രതിദീപ്തിയും സ്ഫുരദീപ്തിയും (Fluorescence and Phosphorescence). വർണ്ണരേഖണ സമ്പ്രദായങ്ങൾ (Chromatographic Methods). അപകേന്ദ്രണം (Centrifuge): ഇനങ്ങൾ, ഉപയോഗങ്ങൾ. ഇലക്ട്രോഫോറോസിസ്: അടിസ്ഥാനതത്വങ്ങൾ, വർഗ്ഗീകരണം, ഉപയുക്തതകൾ

## യൂണിറ്റ് 5

**ഹരിതരസതന്ത്രം**: നിർവചനം, അടിസ്ഥാനതത്വങ്ങൾ

## സഹായകഗ്രന്ഥങ്ങൾ


രാമചന്ദ്രൻ കൊടാപ്പള്ളി, കലേഷ്, ആർ., 2014, സയൻസ് എൻസൈക്ലോപീഡിയ, ദ്രോണാചാര്യ പബ്ലിക്കേഷൻ, കോഴിക്കോട്.

പാപ്പൂട്ടി, കെ., ബാലകൃഷ്ണൻ ചെറുപ്പാ (എഡിറ്റേഴ്സ്), 2016, ശാസ്ത്രനിഘണ്ടു, കേരളശാസ്ത്ര സാഹിത്യപരിഷത്ത്.

ശിവദാസ്, എസ്. (എഡിറ്റർ), 2012, ശാസ്ത്രം എത്ര ലളിതം, വാല്യം 3, രസതന്ത്രം.

തുമ്പമൺ തോമസ്, 2012, പരിസ്ഥിതി വിജ്ഞാനകോശം, കേരളസംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Anastas, P. T. and Warner, J. C. 1998, Green Chemistry:Theory and Practice, Oxford University Press,

Christian, G.D. 2000, Analytical Chemistry, 6$^{th}$ edition, John Wiley & Sons.

Chopra, J.K., 2019, General Science and Technology, Unique Publishers, New Delhi.

Clark, J. and Macquarrie, D. 2002, “Handbook of Green Chemistry & Technology”, Blackwell Science,

De.A.K., 1994, Environmental Chemistry. New Age International Ltd. New Delhi.

Eving, G.W., 1985, Instrumental Methods of Chemical Analysis, 5th Ed.,Mc-Graw Hill Book Company.

Lancaster, M. 2010, Green Chemistry. An Introductory Text, 2nd Ed., RSC Publishing,

Manahan, S.E.,1999, Environmental Chemistry. Lewis Publishers.USA.

Publishing, Cambridge.

Radojecic M. and Bashkin V.N., 2007, Practical Environmental Analysis. RSC

Santra, S.C., 2004, Environmental Sciences. New Central Book Agency, Kolkata.

Skoog D.A., F.J. Holler and Nieman, 2003, Principles of Instrumental Methods, 5th Ed.,Thomson Asia Pvt. Ltd., Singapore.

Thomous S. Spiro and William M. Stiglicini, 2002, Chemistry of the Environment, Prentice Hall of India Pvt. Ltd.

Tundo, P., Perosa, A. and Zecchini, F. (Eds.), 2007, Methods and Reagents for Green Chemistry. An introduction, Wiley-Interscience.

## MU SES 6312 പരിസ്ഥിതി സംരക്ഷണ വിജ്ഞാനം

### യൂണിറ്റ് 1

**ജനസംഖ്യയും പരിസ്ഥിതി സംരക്ഷണവും:** പരസ്ഥിതി സംരക്ഷണ പ്രസ്ഥാന ങ്ങളുടെ ചരിത്രം: ദേശീയവും അന്തർദേശീയവും. ആവാസവ്യവസ്ഥയിലെ ജീവ ജാതികളുടെ അനുയോജ്യതയും ജീവനക്ഷമതയും (Fitness and Viability of Population), കുറഞ്ഞ ജീവനക്ഷമതയുള്ള ജനസംഖ്യ എന്ന ആശയം (Concept of Minimum Viable Population), ഹെറ്ററോ സൈഗോസിറ്റിയും അനുയോജ്യതയും (Heterozygocity and Fitness), വൈവിധ്യക്രമവും (Pattern of Diversity), വിരളത (rarity), ദേശ്യ - ഗണസീമ (Endemism), വംശനാശച്ചുഴികൾ (Extionction Vortices). പുനരുൽപാദനത്തിന്റെ അളവുകോലുകൾ [പ്രജനനത്തിനുള്ള ആവാസസ്ഥല ങ്ങൾ (Breeding Habitats), ഇണചേരൽ രീതികൾ (Mating Systems), ഇൻബ്രീഡിംഗ് ഡിപ്രഷൻ (Inbreeding Depression), ജനിതകക്കുപ്പിക്കഴുത്തുകൾ (Genetic Bottle Necks). ജനിതകപരമായ പരിമിതികൾ (Genetic Constraints)]: സാമൂഹിക പ്രക്രി യകൾ: സാമൂഹിക സ്ഥിരതയും ഘടനയും (Community Stability and Structure), സഹാനുകൂലനവും (Coadaptation), സഹപരിണാമവും (Coevalution), (സസ്യ ങ്ങളുടെയും ജന്തുക്കളുടെയും പ്രതി പ്രവർത്തനങ്ങൾ), കീസ്റ്റോൺ ജീവജാതി കൾ, മേൽകൈയുള്ള ജീവജാതികൾ (Dominant Species) , സൂചക ജീവജാതി കൾ (Indicator Species), അംബ്രല്ലാ ജീവജാതികൾ, സ്വാഭാവികവും കൃത്രിമവു മായ ആവാസവ്യവസ്ഥയിലെ ഇൻബ്രീഡിംഗ് മാന്ദ്യം (Inbreeding Depression)ഔട്ട് ബ്രീഡിംഗ് മാന്ദ്യം (Out Breeding Depression). വൈരള്യവും വംശനാശ ഭീഷണിയും നേരിടുന്ന ജീവജാലങ്ങളുടെ സംരക്ഷണം.

### യൂണിറ്റ് 2

**സംരക്ഷണത്തിന്റെ നേട്ടങ്ങൾ:** ജൈവവൈവിധ്യം : ആഹാരം, ഔഷധങ്ങൾ, മെച്ച പ്പെട്ട ഇനങ്ങൾ എന്നിവയുടെ സ്രോതസ്സ് എന്ന നിലയിൽ, സൗന്ദര്യാത്മകവും സാംസ്കാരികവുമായ നേട്ടങ്ങൾ, സാമൂഹിക സേവനങ്ങൾ. സുസ്ഥിര വികസ നം, ജൈവവൈവിധ്യത്തിന്റെ മൂല്യനിർണയം, പരിസ്ഥിതി സേവനങ്ങൾ (അന്ത രീക്ഷത്തിലെ വാതകഘടന നിലനിർത്തുക, കാലാവസ്ഥാനിയന്ത്രണം, പ്രകൃത്യാ ലുള്ള കീടനിയന്ത്രണം, പരാഗണം, മണ്ണിന്റെ രൂപീകരണവും സംരക്ഷണവും, ജല സംരക്ഷണവും ശുദ്ധീകരണവും, പോഷക ചംക്രമണം).

### യൂണിറ്റ് 3

**വംശനാശം:** ആഗോളവനനശീകരണത്തോതും വംശനാശ ഭീഷണികളും. വംശ നാശത്തിനുള്ള കാരണങ്ങൾ: ആവാസവ്യവസ്ഥകളുടെ നാശം, വ്യവസായവത്ക

രണം, വേട്ടയാടൽ, അധിനിവേശ ജീവജാതികളുടെ വ്യാപനം. ഭൗമകാലപരിധിയിലുള്ള വംശനാശം (Extinction through Geological Time Scale) : കൂട്ടവംശനാശം (Mass Extinction). നിലവിലെ വംശനാശപ്രവണതകൾ (Current Extinction Trends).

### യൂണിറ്റ് 4

**പാരിസ്ഥിതിക സംരക്ഷണരീതികളും റിസർവുകളുടെ രൂപകല്പനയും:** തനത് സാഹചര്യത്തിലെ പരിപാലനം (In-situ) - (ജൈവ സംരക്ഷണമേഖലകൾ, ദേശീയോദ്യാനം, സങ്കേതങ്ങൾ, കാവുകൾ മുതലായവ). കൃത്രിമ സാഹചര്യത്തിലെ (Ex-situ) - (ബൊട്ടാണിക്കൽ ഗാർഡൻ, സുവോളജിക്കൽ ഗാർഡൻ ജീൻ ബാങ്ക്, പൂമ്പൊടി, വിത്തുകൾ എന്നിവയുടെ ബാഗുകൾ, ടിഷ്യു കൾച്ചർ, ഡി.എൻ.എ ബാങ്കുകൾ). സംരക്ഷണ മാർഗ്ഗങ്ങൾ: ജീവജാതികൾ - പരിസ്ഥിതിയുമായുള്ള ബന്ധം, ദ്വീപീയ ജീവഭൗമശാസ്ത്രം (Island Biogeography), ആവാസവ്യവസ്ഥയുടെ തുണ്ട് വൽക്കരണം (Habitat Fragmentation), സീമാപ്രഭാവം (Edge Effect), ജീവജാലങ്ങളുടെ വംശനാശ പൂർവ്വഘട്ടത്തിലെ നിരക്ക് (Faunal Relaxation Rates), സംരക്ഷിതപ്രദേശങ്ങളുടെ വലുപ്പം (Reserve Size), SLOSS പഠനങ്ങൾ, BFFP ആമസോൺ പ്രോജക്ട്.

### യൂണിറ്റ് 5

പരിസ്ഥിതി സംരക്ഷണ ശ്രമങ്ങൾ: ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനം, വീണ്ടെടുക്കൽ, പുനരുജ്ജീവനം (നടപടികളും ഘട്ടങ്ങളും കേരളീയ പശ്ചാത്തലത്തിൽ). ആഗോള പരിസ്ഥിതി സംരക്ഷണ പരിശ്രമങ്ങളുടെ പൊതു അവലോകനം (Global Protected Area Network), സംരക്ഷിത മേഖലകളും പ്രവർത്തനങ്ങളും (UNESCO), ജൈവവൈവിധ്യ കേന്ദ്രങ്ങൾ (IUCN) സംരക്ഷണ വിഭാഗങ്ങൾ (WCMC Sites).

### സഹായകഗ്രന്ഥങ്ങൾ

അച്ചുതൻ എ., 2001, പരിസ്ഥിതി പഠനത്തിനൊരാമുഖം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

പൊതുവാൾ പി.കെ., 2011, ജൈവവൈവിദ്യം വന്യജീവികളുടെ ലോകം, ചിന്താ പബ്ലിക്കേഷൻസ്.

ജോർജ് കെ., 2013, ഇന്ത്യയിലെ വന്യമൃഗങ്ങൾ, സാഹിത്യപ്രവർത്തകസംഘം.

ജിത്സേയ്, 2015, വന്യജീവി കുറിപ്പുകൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഡൽഹി.

ജോയ് എം.എസ്., 2014, കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുരേഷ് മണ്ണാറശാല, 2019, കണ്ടൽക്കാടുകൾ, ഡി.സി. ബുക്സ്, കോട്ടയം

സുരേഷ് മണ്ണാറശാല, 2019, കാവുകൾ, സാഹിത്യപ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

കരുണാകരൻ സി.കെ., 2012, കാലാവസ്ഥാ വ്യതിയാനവും വനങ്ങളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

Andrew S. Pullin, 2002, Conservation Biology, Cambridge University Press, UK.

Chapman J. L and Reiss M J ., 1992, Ecology-Principles and Applications, Cambridge University Press, Cambridge.

Colin R, Townsend, Michael Begon and John L Harper, 2012, Essentials of Ecology, third Edn, Blackwell publishing.

Groombridge B. (Ed)., 1992, Global Biodiversity- Status of the Earth's Living Resources, Chapman and Hall, London.

Nayar, M P ., 1996, Hotspots of Endemic Plants of India, Nepal and Bhutan. TBGRI, Trivandrum.

Primack. R. B., 1998., Essentials of conservation Biology, Sinauer Associates.

Rangarajan M., 2015, India's Wiladlife History.Permanent Black Publishers, Delhi.

Tal .B and Saltz .D., 2016, Conservation Behaviour- Applying behavioural ecology to wildlife conservation and management. Cambridge University Press, U.K.

## MU SES 6313 പാരിസ്ഥിതിക ഭൂശാസ്ത്രം

### യൂണിറ്റ് 1

**ഭൂമിയുടെ ഉത്ഭവവും പരിണാമവും,** ഭൂമിയുടെ ആന്തരികഘടന - അകകാമ്പ്, മാന്റിൽ, ഭൂവൽക്കം. ഫലക വിവർത്തികം (Plate Tectonics) - സമുദ്രതടവ്യാപനം (Sea floor spreading) - വൻകര വിസ്ഥാപനം (Continental drift). ഭൂമിയുടെ ഉപരിതലത്തിൽ പ്രവർത്തിക്കുന്ന ബലങ്ങൾ - വിവർത്തിക, പടലവിരൂപണ ബലങ്ങൾ (tectonic and diastrophic forces), ഭൗമ കാലക്രമം(Geological time scale). ഭൂമിയുടെ ഊർജ്ജബഡ്ജറ്റ്, ഭൂമിയുടെ ചലനങ്ങളും ഋതുക്കളും, ഭൂമിയും സൂര്യനും തമ്മിലുള്ള ബന്ധം, സൂര്യതാപവും (Insolation) അക്ഷാംശത്തിനും ഋതുക്കൾക്കും അനുസരിച്ചുള്ള അതിന്റെ വ്യതിയാനവും. ഭൂമിയുടെ താപപരിസ്ഥിതിയും ഋതുക്കളും, കൊറിയോളിസ് ബലം, മർദ്ദത്തിന്റെ ചരിവുമാനം (Pressure Gradient), കാലാവസ്ഥാഘടകങ്ങൾ - അന്തരീക്ഷോഷ്മാവ്, ആർദ്രത, മേഘങ്ങൾ, വർഷപാതം, കാറ്റ്. ധാതുക്കളുടെയും ശിലകളുടെയും ആവിർഭാവം - ആഗ്നേയ, അവസാദ, കായാന്തരിത ശിലകൾ. അപക്ഷയ പ്രക്രിയ (Weathering Process). ഇന്ത്യയിലെയും, കേരളത്തിലേയും ധാതുവിഭവങ്ങൾ, ഖനനവും പാറപൊട്ടിക്കലും സൃഷ്ടിക്കുന്ന പാരിസ്ഥിതികാഘാതങ്ങൾ.

### യൂണിറ്റ് 2

**ജലവിഭവങ്ങൾ:** ഭൂമിയിൽ ജലത്തിന്റെ വിതരണം - ആഗോളതലം, ദേശീയം, പ്രാദേശികം. ഹൈഡ്രോളജിയും ഹൈഡ്രോജിയോളജിയും: ജലസ്രോതസ്സുകളുടെ തരഭേദങ്ങൾ, ഉപരിതലജലം, ഭൂഗർഭജലം, ജലത്തിന്റെ ലഭ്യതയും ഉപയോഗങ്ങളും.
നദീതടം (Drainage basin) - നിർവചനം, സവിശേഷതകൾ, നദികളുടെ ക്രമം (Drainage Pattern), പ്രവാഹങ്ങളുടെ വർഗ്ഗീകരണവും ക്രമീകരണവും (Stream classification and ordering). ഭൂഗർഭജലം (Groundwater) : സ്രോതസ്സുകൾ, ഭൂഗർഭജലത്തിന്റെ സാന്നിദ്ധ്യവും ഒഴുക്കും, ഭൂജലവിതാനം (Groundwater table), ഭൂജലസ്തരങ്ങൾ (അക്വിഫർ, അക്വിട്ടാർഡ്, അക്വിക്ലൂഡ്), ഭൂജലപോഷണം (Groundwater recharge), മഴവെള്ളക്കൊയ്ത്ത്. നീർത്തടപരിപാലനം (Watershead management): സങ്കൽപ്പനങ്ങൾ, സാമൂഹ്യസാമ്പത്തികവശങ്ങൾ. ഐസോടോപ്പ് ഹൈഡ്രോളജി: സങ്കൽപ്പനങ്ങൾ, പ്രയോഗങ്ങൾ.

### യൂണിറ്റ് 3

**പ്രകൃതിയിൽ നിന്നുള്ള അപകടസാദ്ധ്യതകൾ:** കാരണങ്ങൾ, ഫലങ്ങൾ, പ്രതിരോധങ്ങൾ, പ്രവചനം, ലഘൂകരണം, ഭൂകമ്പങ്ങൾ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, അഗ്നിപർവ്വത സ്ഫോടനം, കൊടുങ്കാറ്റ്, വരൾച്ച, കാട്ടുതീ, മണ്ണിടിച്ചിൽ,

സുനാമി, മേഘവിസ്ഫോടനം, കടലാക്രമണം.

### യൂണിറ്റ് 4

**വിദൂരസംവേദനം** (Remote sensing): അടിസ്ഥാന സങ്കൽപ്പനങ്ങളും പ്രക്രിയകളും, വിവരശേഖരണം - ഊർജ്ജ സ്രോതസ്സുകളും വികിരണ തത്ത്വങ്ങളും. സക്രിയവും നിഷ്ക്രിയവുമായ (Active and Passive) വിദൂരസംവേദനം, വിദൂര സംവേദനത്തിന്റെ സവിശേഷതകൾ. വ്യോമവിദൂര സംവേദനം (Aerial remote sensing), ഉപഗ്രഹവിദൂരസംവേദനം, വിവിധതരം സംവേദകങ്ങൾ (Types of sensors). വിദൂരസംവേദനത്തിന്റെ നേട്ടങ്ങളും പ്രയോഗങ്ങളും.

### യൂണിറ്റ് 5

**ഭൂപടനിർമ്മാണവും ഭൂവിവരവ്യവസ്ഥയും** : ഭൂപടനിർമ്മാണത്തിന്റെ തത്ത്വങ്ങളും സിദ്ധാന്തങ്ങളും, നിർവ്വചനം, ചരിത്രം, പ്രക്ഷേപങ്ങൾ, വിവിധതരം ഭൂപട പ്രക്ഷേപങ്ങൾ (Map Projections), ഭൂപടത്തിന്റെ തോത് (Scale of the map), വിവിധതരം ഭൂപടങ്ങൾ. ഭൂവിവരവ്യവസ്ഥ (Geographical Information System): ആമുഖം, നിർവ്വചനം, ചരിത്രപരമായ 'പരിണാമം, ഘടകങ്ങൾ, അടിസ്ഥാനതത്വങ്ങൾ, ദത്ത മാതൃകകൾ (Data models) : വെക്ടർ, റാസ്റ്റർ ദത്തങ്ങൾ, സ്ഥലീയവും അല്ലാത്തതുമായ ദത്തം (Spatial and non spatial data), സ്ഥലസംബന്ധിയായ വിശകലനങ്ങൾ (Spatial analysis): അളവുകൾ, ചോദ്യങ്ങൾ, ബഫറിംഗ്, മേപ്പ് ഓവർലേ, നെറ്റ്‌വർക്ക് വിശകലനം, സ്പേഷ്യൽ ഇന്റർ പൊലേഷൻ, TIN, DEM, DSM. ഭൂപരവിവര വ്യവസ്ഥയിലെ പുതുപ്രവണതകളും പ്രയോഗങ്ങളും. ആഗോളസ്ഥാന നിർണ്ണയസംവിധാനം (Global Positioning System).

### സഹായകഗ്രന്ഥങ്ങൾ


അച്ചുതൻ എ., ഉണ്ണികൃഷ്ണൻ നമ്പീശൻ, കെ.എം. അബ്ദുൾ ഹമീദ്.ഇ, 2016, ഉയിർനീര്, കേരളസാഹിത്യശാസ്ത്രസാഹിത്യപരിഷത്ത്.

സുശീല, പി., 2014, ജലവും ജലസംരക്ഷണവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഇൻസൈറ്റ് റിസർച്ച് ടീം, 2016, ഭൗമവിസ്മയങ്ങൾ, ഇൻസൈറ്റ് പബ്ലിക്ക.

സുഭാഷ് ചന്ദ്രബോസ്, വി., 2017, മഴക്കൊയ്ത്തും ജലസുരക്ഷയും, ഡി.സി. ലൈഫ് പബ്ലിഷേഴ്സ്.

ശ്രീധരൻ, കെ, 2013, പരിസ്ഥിതിയും വികസനവും - കേരളപാഠങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശിവദാസ്, എസ്., 2012, ശാസ്ത്രം എത്ര ലളിതം, വാല്യം 6, പരിസ്ഥിതി പഠനവും ഭൂമിശാസ്ത്രവും, ഡി.സി. ബുക്സ് കോട്ടയം.

രാമചന്ദ്രൻ നായർ, സി.ജി. ഗോപിനാഥൻ നായർ, കെ., രാജശേഖരൻ നായർ, വി. 2014, കേരളത്തിലെ ധാതുമണലുകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബൈജു കെ.ആർ., 2019, ഭൂമി ഉണ്ടാകുന്നത് എങ്ങനെ?, ഡി.സി. ബുക്സ് കോട്ടയം.

മനോജ് എം. സ്വാമി, 2015, റിമോട്ട് സെൻസിംങ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഒരുസംഘം ലേഖകർ, 2001, പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, കേരളഭാഷാ ഇൻസ്റ്റി

റ്റ്യൂട്ട്.

തുമ്പമൺ തോമസ്, 2012, പരിസ്ഥിതി വിജ്ഞാനകോശം, കേരളസംസ്ഥാനസർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Anji Reddi, M. Textbook of Remote sensing and Geographical Information Systems, B.S. publications, Hydrabad

Arya,S.P. 1999. Air Pollution Meteorology and Dispersion, Oxford University Press, London.

Berry.F.M. E.Bollay and N.R.Beers. 1974, Hand Book of Meteorology

Burbank, D.W. & Anderson, R.S. 2012. Tectonic Geomorphology. Wiley and Blackwell Publications, a John Wiley and Sons, Ltd.

Clark, I.D and Fritz, P., 1997. Environmental Isotopes in Hydrogeology. Lewis publishers, New York. 328p.

Lillesand, T. M. and Kiefer, R. W. 1987.Remote Sensing and Image Interpretation. John Wiley and Sons, New York.Limited. 236p.

Reghunath, H.M.1996, Hydrology – Principles, analysis and design New Age International Publisher.

Routledge, N.Y. 17. Narayan.L.R.A.,1999. Remote Sensing and its applications. Universities.

Savindra Singh, 2015, Climatology, Pravalika Publications, Allahabad.

Singh, V.P. 1994, Elementary Hydrology. Prentice-Hall of India.

Stephen Wise. 2002. GIS basics, Taylor and Francis, New York.

Strahler, A. N. 1969, Physical geography, Third Edition, John Wiley and Sons, N.Y.

Strahler, A.N. and Strahler,A.H. 1987. Physical Geography.

Strahler, A.V. and Strahler,A.A. 1973. Environmental Geoscience, Wiley International.

Todd, D.K. and Mays, L.W. 2005. Ground Water Hydrology. Wiley India Private Ltd.

Vaidya, K.S. 1987.Environmental Geology, Tata McGraw-Hill Publishers.

## MU SES 6314 പരിസ്ഥിതി മലിനീകരണവും നിയന്ത്രണവും

### യൂണിറ്റ് 1

**വായുമലിനീകരണം**: നിർവചനം, സ്രോതസ്സുകൾ (പ്രകൃതിദത്തവും മനുഷ്യനിർമ്മിതവും), വിവിധതരം മലിനീകരണങ്ങൾ, പ്രാഥമിക, ദ്വിതീയ മലിനീകാരികൾ, മുറിക്കകത്തും പുറത്തുമുള്ള മലിനീകരണം (Indoor and outdoor pollution), വായു മലിനീകാരികളുടെ വ്യാപനം (Dispersion of air pullatants), മിക്സിംഗ് ഹൈറ്റ്/ഡെപ്ത് (Mixing height/depth), താപനില ഇറക്ക് നിരക്ക് (Lapse rate), വായുമലിനീകരണത്തിൽ കാലാവസ്ഥാഘടകങ്ങളുടെ പ്രഭാവം, പ്ല്യൂമിന്റെ വലുപ്പവും ഘടനയും - ഗ്വാഷിയൻ പ്ല്യൂം മാതൃക (Guassian Plume Model) സവിശേഷപഠനങ്ങൾ. സസ്യങ്ങൾ, ജന്തുക്കൾ, വസ്തുക്കൾ, കാലാവസ്ഥ, മനുഷ്യന്റെ ആരോഗ്യം എന്നിവയിൽ വായു മലിനീകാരികൾ സൃഷ്ടിക്കുന്ന ആഘാതം, ദേശീയ വായുഗുണനിലവാര മാനദണ്ഡങ്ങൾ, ഉത്സർജനമാനദണ്ഡങ്ങൾ (Emission Standards), വായുഗുണനിലവാരസൂചിക (Air Quality Index), വാഹനങ്ങളിൽ നിന്നുള്ള ഉത്സർജനം, നഗരങ്ങളിലെ വായുഗുണനിലവാരം, വാതകമലിനീകാരികളുടെ നിയന്ത്രണം: അഡ്സോർപ്ഷൻ (Adsorption), ആഗിരണം (Absorption), സാന്ദ്രീകരണം (Condensation), ജ്വലനം (ഉത്പ്രേരക ജ്വലനം ഉൾപ്പെടെ), കണികകളെ നീക്കം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ - സെൻട്രിഫ്യൂഗൽ കളക്ടേഴ്സ്, വെറ്റ് കളക്ടേഴ്സ്, സെറ്റ്ലിംഗ് ചേമ്പർ, ഫാബ്രിക് ഫിൽട്ടറുകൾ, ഇലക്ട്രോസ്റ്റാറ്റിക് പ്രെസിപിറ്റേറ്ററുകൾ, വാതക - കണികാമലിനീകാരികളുടെ സാംപ്ലിങ്ങും അപഗ്രഥനവും - $SO_2$, NO, CO, SPM, RSPM. വായുമലിനീകരണം - സവിശേഷപഠനങ്ങൾ (കേരളീയ പശ്ചാത്തലം).

### യൂണിറ്റ് 2

**ജലമലിനീകരണം**: നിർവ്വചനം, സ്രോതസ്സുകൾ (പ്രകൃതിദത്തവും മനുഷ്യനിർമ്മിതവും), വിവിധതരം മലിനീകരണങ്ങൾ (ഉപരിതലജലവും ഭൂഗർഭജലവും), യുട്രോഫിക്കേഷൻ, ഘനലോഹമലിനീകരണം. സസ്യങ്ങൾ, ജന്തുക്കൾ, മനുഷ്യന്റെ ആരോഗ്യം എന്നിവയ്ക്കുമേൽ ജലമലിനീകരണത്തിന്റെ ആഘാതം. സമുദ്രമലിനീകരണവും അതിന്റെ പരിണതഫലങ്ങളും. ജലഗുണനിലവാരമാനകങ്ങൾ (ഭൗതികം, രാസപരം, ജൈവികം), ജലത്തിന്റെ സാംപ്ലിങ്ങും അപഗ്രഥനവും, ജലത്തിന്റെ സാംപ്ലിങ്ങും അനുബന്ധ ഉപകരണങ്ങളും, ദേശീയ അന്തർദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾ, ജലഗുണനിലാവാരസൂചിക (Water Quality Index). ജൈവഘടകങ്ങളേയും ഐസോടോപ്പുകളേയും അടിസ്ഥാനമാക്കിയുള്ള ജലമലിനീകരണം, നിരീക്ഷണം. കുടിവെള്ള സംസ്കരണരീതികൾ (Drinking water treatment methods), ജലമലിനീകരണം - സവിശേഷ പഠനങ്ങൾ (കേരളീയ പശ്ചാത്തലം).

## യൂണിറ്റ് 3

**മണ്ണ് മലിനീകരണം:** നിർവ്വചനം, സ്രോതസ്സുകൾ (പ്രകൃതിദത്തവും മനുഷ്യനിർമ്മിതവും), മണ്ണിലെ മാലിന്യങ്ങളും മലിനീകാരികളും, മണ്ണിന്റെ വിവിധഘടകങ്ങളിൽ കീടനാശിനികൾ ചെലുത്തുന്ന സ്വാധീനം, അവശേഷിക്കുന്ന വിഷാംശവും (Residual toxicity) മണ്ണിന്റെ മലിനീകരണവും. വിവിധതരം കൃത്രിമവളങ്ങളും മണ്ണിന്റെ ഘടകങ്ങൾക്ക് മേൽ അവയുടെ പ്രതിപ്രവർത്തനവും. വ്യവസായശാലകളിൽ നിന്നുള്ള വിവിധതരം മാലിന്യങ്ങളും മണ്ണിന്റെ വിവിധ ഘടകങ്ങളുമായുള്ള അവയുടെ പ്രതിപ്രവർത്തനവും, മാലിന്യനിർമ്മാർജ്ജനം മൂലം മണ്ണിന്റെ സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾ, മണ്ണൊലിപ്പ് നിയന്ത്രണരീതികൾ, മണ്ണ് മലിനീകരണ നിയന്ത്രണം, പരിഹാരമാർഗ്ഗങ്ങൾ - സെക്യൂർഡ് & സാനിറ്ററി ലാന്റ്ഫിൽസ്, മണ്ണിലെ സൂക്ഷ്മജീവികളും അവയുടെ പ്രവർത്തനങ്ങളും, മണ്ണിന്റെ ഗുണനിലവാരമാനകങ്ങൾ (Soil Quality Parameters), സാമ്പ്ലിംങ്, മണ്ണിന്റെ ഗുണം അപഗ്രഥിക്കാനുള്ള ഭൗതിക - രാസമാർഗ്ഗങ്ങൾ, മണ്ണിലെ ഘനലോഹവിശകലനം.

## യൂണിറ്റ് 4

**ശബ്ദമലിനീകരണം:** സ്രോതസ്സുകൾ, ശബ്ദവും അതിന്റെ അളവും (Leq, L10, L90, L50, Ldn), ശബ്ദവർഗ്ഗീകരണം, ശബ്ദമലിനീകരണ മാനദണ്ഡങ്ങൾ (Noise Pollution Standards), ശബ്ദമലിനീകരണവും കമ്പനവും ആരോഗ്യത്തിലേൽപ്പിക്കുന്ന ആഘാതം, ശബ്ദമലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ. താപ റേഡിയോ ആക്ടീവ് മലിനീകരണം: സ്രോതസ്സുകൾ, കാരണങ്ങൾ, അനന്തരഫലങ്ങൾ, അയണൈസിംഗ് വികിരണങ്ങളുടെ ജീവശാസ്ത്രപരമായ ഫലങ്ങൾ, റേഡിയേഷൻ എക്സ്പോഷർ, വികിരണ മാനദണ്ഡങ്ങൾ. സവിശേഷപഠനങ്ങൾ.

## യൂണിറ്റ് 5

**പരിസ്ഥിതി മലിനീകരണ നിയന്ത്രണ നയങ്ങളും പദ്ധതികളും:** പരിസ്ഥിതിമലിനീകരണം നിയന്ത്രിക്കുന്നതിൽ കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ പങ്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ പങ്ക്, ദേശീയ നദി സംരക്ഷണ പദ്ധതി, നമാമിഗംഗെ, യമുന കർമ്മ പദ്ധതി, തടാകങ്ങളുടെ പുനഃസ്ഥാപനം, ദേശീയ ജലദൗത്യം.

## സഹായകഗ്രന്ഥങ്ങൾ


എൻ.എൻ. രാമൻകുട്ടി, 2015, മണ്ണും മനുഷ്യനും, തീരഭൂമി ബുക്സ്.

സുരേഷ് മണ്ണാറശാല, 2005, മലിനീകരണം, ഡി.സി. ബുക്സ്.

ഡോ. അച്യുതൻ, 2016, പരിസ്ഥിതിപഠനത്തിന് ഒരാമുഖം, കേരളശാസ്ത്രസാഹിത്യപരിഷത്ത്.

തുമ്പമൺ തോമസ്, 2012, പരിസ്ഥിതി വിജ്ഞാനകോശം, കേരളസംസ്ഥാനസർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Abbasi S A , 1998, Environmental pollution and its control, Cogent international, Pondichery.

Agarwal, S,K, 2017, Air Pollution, APH Publishing Corparation, New Delhi.

Barbara Woodworth Saigo, William P. Cunningham, Mary Ann Cunningham, 2007, Environmental Science : A Global Concern, McGraw-Hill Education - Europe.

Gaur G, 1997, Noise pollution and its management, Sarup & Sons, New Delhi.

Gupta, O.P, 2016, Elements of Environmental Pollution Control, Khanna Book Publishing, CO.(P) Ltd., New Delhi.

Nebel Bernard J. and Wright Richard T, 1999, Environmental science, Prentice Hall International New Jersey.

Rao C.S., 2018, Environmental Pollution Control Engineering, New Age International Publishers, Third edition, New Delhi.

Raymond W. Miller and Roy L. Donalvee, 1997, Soils in Our Environment, 7th Ed, Prentice Hall of India Pvt. Ltd.

Sharma, B.K., 2001, Water Pollution, Goel Publication House, Meerut.

Wadhwa Y. 2009, Air Pollution: Causes and Control. Cyber Tech Publications, New Delhi.

## MU SES 6315 ഫീൽഡ് വിസിറ്റ്/പഠനയാത്രാ റിപ്പോർട്ട്

പരിസ്ഥിതി സംരക്ഷണത്തിനും പഠനത്തിനും ഊന്നൽ നൽകുന്ന സ്ഥലങ്ങൾ സന്ദർശിച്ച് വിഷയത്തെക്കുറിച്ച് പഠിച്ച് ഒരു ഹ്രസ്വ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (ചിത്രങ്ങൾ സഹിതം 30 പേജ് വരെ ആകാം).

| | | |
|---|---|---|
| ഹ്രസ്വ റിപ്പോർട്ട് | - | 80 മാർക്ക് |
| വാചാ പരീക്ഷ | - | 20 മാർക്ക് |
| ആകെ | - | 100 മാർക്ക് |

(2 ക്രെഡിറ്റ് കോഴ്സ്)

## MU SES 6316 പ്രായോഗിക പരിശീലനം

### യൂണിറ്റ് 1
### പരിസ്ഥിതി വിജ്ഞാനം

ലബോറട്ടറി ഉപകരണങ്ങളുടെ പരിചയപ്പെടൽ: സൂക്ഷ്മദർശിനി, ഹീമോസൈറ്റോ മീറ്റർ. ജലീയ ആവാസ വ്യവസ്ഥയിലെ സസ്യ - ജന്തുപ്ലവകങ്ങളുടെ വൈവിധ്യം കണക്കാക്കുക- (മൈക്രോമെട്രി, ലാക്കീസ് - ഡ്രോപ്രീതി (Lackeys Drop Method) സെഡ്ജ്വിക്ക് - റാഫ്റ്റർ കോശ രീതി (Sedgewick - Rafter Cell Method). സസ്യ-ജന്തുപ്ലവകങ്ങളുടെ കോശങ്ങളുടെ എണ്ണം (Cell Count) തിട്ടപ്പെടുത്തൽ. പ്രാഥമിക ഉൽപാദനക്ഷമത (Primary Productivity) കണക്കാക്കൽ - പ്രകാശ - പ്രകാശ രഹിത രീതി (Light and Dark Bottle). ജലസുതാര്യത കണക്കാക്കൽ (Water Transperancy) - സെച്ചി ഡിസ്ക് (Sechi Disk) രീതി. ഹരിതകത്തിന്റെ അളവ് (Chlorophyll Content) കണക്കാക്കൽ. ലൈൻ ട്രാൻസെറ്റ് (Line Transect), ചതുഷ്കോണ (Quadrate) രീതികളിലൂടെ ജലീയ - കര ആവാസവ്യവസ്ഥയിലെ സസ്യ - ജന്തുജാലങ്ങളുടെ തിരിച്ചറിയലും എണ്ണം തിട്ടപ്പെടുത്തലും (Diversity, Density, Abundance).

### യൂണിറ്റ് 2
